# കെ.വി.കുമാരന് കേന്ദ്ര സാഹിത്യ അക്കാദമിയുടെ വിവർത്തന പുരസ്കാരം

**▸▸ തമിഴ് ഭാഷയിലെ മികച്ച വിവർത്തനത്തിനുള്ള പുരസ്കാരം പി.വിമലയ്ക്ക്**



ന്യൂഡൽഹി • വിവർത്തനത്തിനുള്ള 2024ലെ കേന്ദ്ര സാഹിത്യ അക്കാദമി പുരസ്കാരം (50,000 രൂപ) കെ.വി. കുമാരന്. എസ്.എൽ. ഭൈരപ്പയുടെ 'യാനം' എന്ന കന്നഡ നോവലിന്റെ മലയാള പരിഭാഷയ്ക്കാണു പുരസ്കാരം. നളിനി ജമീലയുടെ 'എന്റെ ആണുങ്ങൾ' എന്ന ആത്മകഥ തമിഴിലേക്കു പരിഭാഷപ്പെടുത്തിയ പി.വിമല തമിഴ് ഭാഷയിലെ മികച്ച വിവർത്തനത്തിനുള്ള പുരസ്കാരം നേടി. ആകെ 21 ഭാഷകളിലെ വിവർത്തനങ്ങളുടെ അവാർഡാണു കേന്ദ്രസാഹിത്യ അക്കാദമി പ്രഖ്യാപിച്ചത്. നേപ്പാളി, സംസ്കൃതം എന്നീ ഭാഷകളിലെ പുരസ്കാരങ്ങൾ പിന്നീടു പ്രഖ്യാപിക്കും. കാസർകോട് ഉദുമ സ്വദേശിയായ കെ.വി.കുമാരൻ (83) ഹിന്ദി അധ്യാപകനായിരുന്നു. എഇഒ, പ്രിൻസിപ്പൽ, കാസർകോട് സാക്ഷരതാ കോഓർഡിനേറ്റർ, കാസർകോട് പീപ്പിൾസ് ഫോറം വൈസ് പ്രസിഡന്റ് തുടങ്ങിയ തസ്തികകൾ വഹിച്ചു.

സമഗ്രസാഹിത്യ സംഭാവനയ്ക്ക് കഴിഞ്ഞവർഷം കേരള സാഹിത്യ അക്കാദമി പുരസ്കാരം ലഭിച്ചിരുന്നു. ഉദുമ വിദ്യാനഗർ 'സുപ്രഭ'യിലാണു താമസം.

MALAYALAM MANORAMA, 08.03.2025, MALAYALAM

## സാഹിത്യസമ്മേളനം

കേന്ദ്ര സാഹിത്യ അക്കാദമി സംഘടിപ്പിക്കുന്ന വനിതാദിന സാഹിത്യസമ്മേളനം ഇന്ന് രാവിലെ 11ന് മാലത്തഹള്ളിയിലെ സാഹിത്യ അക്കാദമി ഓഡിറ്റോറിയത്തിൽ നടത്തും. സോണിയ ചെറിയാൻ (മലയാളം), ഡോ.ബി.യു.സുമ (കന്നഡ), ഡോ.മൈഥിലി പി.റാവു (ഹിന്ദി), ഡോ.ആർ.ദേവി (തമിഴ്), ഡോ.ദിവകർല രാജേശ്വരി (തെലുങ്ക്) എന്നിവർ പങ്കെടുക്കും.